**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3589 15.03.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ക്വോട്ട നിയമനം വ്യാപിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള എല്ലാ കായിക ഇനങ്ങളിൽ നിന്നുമുള്ള കായികതാരങ്ങളെ സംസ്ഥാനത്തെ വിവിധ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (എ) & (ബി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെട്ട കായിക ഇനങ്ങളേയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്നു വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങളെയും സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. |
| (ബി) | ഇതിനായി ഒരു പ്രത്യേക സ്പോർട്സ് കമ്മറ്റി രൂപീകരിച്ച് പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | വിവിധ കായിക ഇനങ്ങളിലായി നാഷണൽ, ഇന്റർനാഷണൽ മത്സരങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച നിരവധി കായികതാരങ്ങൾക്ക് ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി പ്രതിവർഷം 50 ഒഴിവുകൾ നീക്കി വച്ചിട്ടുള്ളതാണ്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം |
| | ഇതിന് പരിഹാരമായി എല്ലാ ഓഫീസുകളിലും സ്പോർട്സ് ക്വോട്ടാ നിയമനം വ്യാപിപ്പിക്കുവാൻ | | |

| | | | |
|---|---|---|---|
| | അടിയന്തര നടപടി സ്വീകരിയ്ക്കുമോ? | | നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് ഗവ.സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനത്തിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ കായികതാരങ്ങൾക്ക് വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള നിയമന നടപടികളും പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**